# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2009 | 16.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി. കാരണം പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ ഉൽപ്പാദനം നടത്തുന്ന സംസ്ഥാനങ്ങളിൽ നിന്ന് കൂടുതൽ സാധനങ്ങൾ കേരളത്തിലേക്ക വരുന്നത് ഒരു കൺസ്യൂമർ സ്റ്റേറ്റ് എന്ന നിലയിൽ കേരളത്തെ സാമ്പത്തികമായി എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. സംസ്ഥാനത്തിന് പുറത്തുനിന്നും സ്വന്തം ആവശ്യത്തിലേക്ക് വ്യക്തികൾ കൊണ്ടുവരുന്ന ഗ്രാനൈറ്റ്, മാർബിൾ തുടങ്ങിയവയുടെ നികുതിയും സംസ്ഥാനത്തിന് ലഭിക്കും. ഇത്തരം നികുതികൾ അന്തർ സംസ്ഥാന കൈമാറ്റ സമയത്തുതന്നെ സർക്കാരിനു ലഭ്യമാകും. മുൻപുണ്ടായിരുന്നതുപോലെ തുടർ വില്പനവരെ കാത്തിരിക്കേണ്ട കാര്യമില്ല. |
| (ബി) | ഉയർന്ന ഉൽപ്പാദനച്ചെലവ് കാരണം കേരളത്തിനു മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന ഉൽപ്പന്നങ്ങളുമായി മത്സരിച്ചു കേരളത്തിലെ വിപണിപോലും പിടിച്ചു നിർത്താൻ സാധിക്കാതെ തകർച്ചയിലേക്ക നീങ്ങാൻ സാധ്യതയുണ്ടെന്ന് പറയുന്നത് ശരിയാണോ; | (ബി) | നികുതിക്കുമേൽ നികുതി ഇല്ലാത്തതും, അടച്ച നികുതിക്ക് ഇൻപുട്ട് ക്രെഡിറ്റ് ലഭ്യമാകുകയും ചെയ്യുമെന്നതിനാൽ അത്തരം അനുകൂല സാഹചര്യങ്ങൾ കേരളത്തിലെ ഉല്പാദകരും പ്രയോജനപ്പെടുത്തേണ്ടതാണ്. |
| (സി) | എങ്കിൽ നമ്മുടെ കാർഷിക മേഖല ഉൾപ്പെടെയുള്ള പരമ്പരാഗത | (സി) | സംസ്ഥാനത്തെ പരമ്പരാഗത തൊഴിൽ മേഖലയെ ദോഷകരമായി ബാധകമാ |

| | | | |
|---|---|---|---|
| | വ്യവസായങ്ങൾ എല്ലാം തന്നെ തകരാൻ ഇടയില്ലേ; | യും (ഡി) യും | കുന്ന നിരക്കുകൾ ചിലയിനങ്ങളിൽ നിലനിൽക്കുന്നുണ്ട്. ആയത് കുറച്ചു തരണമെന്ന് കൗൺസിലിൽ നിരന്തരമായി ആവശ്യപ്പെടുന്നതാണ്. |
| (ഡി) | എങ്കിൽ ഇത് തടയാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | | |

**സെക്ഷൻ ഓഫീസർ**